▶ റിപ്പോർട്ട് ◀

# ആദർശ യൗവനത്തിന്റെ സമരസാക്ഷ്യമായി സോളിഡാരിറ്റി കൊല്ലം ജില്ലാ സമ്മേളനം

**അഞ്ചൽ:** ആദർശ യൗവ്വനത്തിന്റെ വിപ്ലവ വീര്യവും കരുത്തും വിളിച്ചോതുന്ന പ്രൗഢോജ്ജ്വല സമരസാക്ഷ്യമായി അഞ്ചലിൽ നടന്ന സോളിഡാരിറ്റി കൊല്ലം ജില്ലാ സമ്മേളനം. അഞ്ചൽ കൈതാടി മസ്ജിദിന് സമീപത്തുനിന്നാരംഭിച്ച് പഞ്ചായത്ത് മൈതാനിയിൽ സമാപിച്ച പ്രകടനം ജില്ലയിൽ സോളിഡാരിറ്റിയുടെ സ്വാധീനം വിളിച്ചോതുന്നതായിരുന്നു. നീതിക്കും നിലനിൽപിനും പോരാടുന്ന ജനതക്ക് അഭിവാദ്യം അർപ്പിച്ചുകൊണ്ടും മർദക-ചൂഷക ശക്തികൾക്ക് താക്കീതു നൽകിക്കൊണ്ടുമുള്ള മുദ്രാവാക്യങ്ങൾ ഉയർത്തി നീങ്ങിയ പ്രകടനത്തിന് സോളിഡാരിറ്റി ജില്ലാ പ്രസിഡന്റ് എം. അബ്ദുൽ വാഹിദ്, സെക്രട്ടറി കെ. സജീദ്, എസ്.ഐ.ഒ ജില്ലാ പ്രസിഡന്റ് എസ്. ഇർശാദ്, സമ്മേളന ജനറൽ കൺവീനർ എം. അബ്ദുസ്സമദ്, സോളിഡാരിറ്റി-എസ്.ഐ.ഒ ജില്ലാ സമിതിയംഗങ്ങൾ നേതൃത്വം നൽകി. നന്ദിഗ്രാമിലെ കർഷകരെ കൊന്ന് ടാറ്റക്കും സാലിം ഗ്രൂപ്പിനും ഭൂമി പിടിച്ചു വാങ്ങി കൊടുക്കുന്ന ഇടതുപക്ഷ ഗവൺമെന്റിന്റെ ക്രൂരത, ഇന്ത്യയിലേക്ക് സാമ്രാജ്യത്വത്തെ ആനയിക്കുന്ന മൻമോഹൻസിംഗ്, എ.ഡി.ബി വിഷയത്തിലെ ഇടതുപക്ഷത്തിന്റെ ഇരട്ടത്താപ്പ്, മഅ്ദനിയെ മോചിപ്പിക്കാമെന്ന് കപട വാഗ്ദാനം നൽകുന്ന രാഷ്ട്രീയക്കാർ തുടങ്ങിയ ചിത്രീകരണങ്ങൾ പ്രകടനത്തെ ശ്രദ്ധേയമാക്കി.

അഞ്ചൽ പഞ്ചായത്ത് മൈതാനിയിൽ ചേർന്ന പൊതുസമ്മേളനം ജമാഅത്തെ ഇസ്‌ലാമി അഖിലേന്ത്യാ സെക്രട്ടറി പ്രഫ. കെ.എ സിദ്ദീഖ് ഹസൻ ഉദ്ഘാടനം ചെയ്തു. രാഷ്ട്രീയ പാർട്ടികൾക്ക് ആദർശബോധം നഷ്ടപ്പെടുകയും സർക്കാറുകൾ സാമ്രാജ്യത്വശക്തികളുടെ ചുങ്കപ്പിരിവുകാരായി മാറുകയും ചെയ്തതായി അദ്ദേഹം അഭിപ്രായപ്പെട്ടു. മോഹന വാഗ്ദാനങ്ങളുമായി വരുന്ന എ.ഡി.ബിയുടെയും ഐ.എം.എഫിന്റെയും ആണവ കരാറിന്റെയുമൊക്കെ പിന്നിൽ സാമ്രാജ്യത്വത്തിന്റെ കടന്നാക്രമണ ലക്ഷ്യങ്ങളാണ്. സ്കൂളുകൾ ലാഭകരമല്ലെന്ന പേരിൽ അടച്ചുപൂട്ടുകയും ആശുപത്രികളിൽ ഫീസീടാക്കുകയും ചെയ്യുന്നതടക്കം സാധാരണക്കാരുടെ അവകാശങ്ങൾ നിഷേധിക്കപ്പെടുന്നു. അവകാശ നിഷേധത്തിനെതിരെയുള്ള അവസാന അത്താണിയായ കോടതിപോലും നിരാശയാണ് നൽകുന്നതെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു.

സമരഭൂമിയിൽ ജനങ്ങൾക്ക് കരുത്തായി സോളിഡാരിറ്റി എന്നുമുണ്ടാകുമെന്നും അവഗണിക്കപ്പെടുന്ന ജനവിഭാഗങ്ങൾക്ക് താങ്ങും തണലുമായി നിലകൊള്ളുമെന്നും അധ്യക്ഷപ്രഭാഷണം നടത്തിയ സോളിഡാരിറ്റി സംസ്ഥാന പ്രസിഡന്റ് അബ്ദുൽ ഹമീദ് വാണിയമ്പലം പറഞ്ഞു. ജമാഅത്തെ ഇസ്‌ലാമി സംസ്ഥാന ശൂറാംഗം കെ.എ യൂസുഫ് ഉമരി, പരിസ്ഥിതി-മനുഷ്യാവകാശ പ്രവർത്തകൻ സി.ആർ നീലകണ്ഠൻ, സോളിഡാരിറ്റി സംസ്ഥാന ജനറൽ സെക്രട്ടറി പി. മുജീബുർറഹ്മാൻ സംസാരിച്ചു. കെ. സജീദ്, എസ്. ഇർശാദ് പ്രമേയങ്ങൾ അവതരിപ്പിച്ചു.

സമ്മേളനത്തോടനുബന്ധിച്ച് നടന്ന പ്രബന്ധ രചനാമത്സരത്തിൽ വിജയികളായ എം.ആർ അഞ്ജന, ലീനാ രമേശ്, എ. ത്വാഹ എന്നിവർക്ക് അബ്ദുൽഹമീദ് വാണിയമ്പലം സമ്മാനങ്ങൾ വിതരണം ചെയ്തു. എം. അബ്ദുൽ വാഹിദ് സ്വാഗതവും അബ്ദുസ്സമദ് നന്ദിയും പറഞ്ഞു. എം. അബുല്ലൈസ് ഖുർആനിൽനിന്ന് അവതരിപ്പിച്ചു. സോളിഡാരിറ്റി സംസ്ഥാന സെക്രട്ടറി കെ.എ ശഫീഖ്, പി.ആർ സെക്രട്ടറി എം. സാജിദ്, സമ്മേളന സഹായ സമിതി ചെയർമാൻ ഫാ. എബ്രഹാം ജോസഫ്, ജമാഅത്തെ ഇസ്‌ലാമി ജില്ലാ പ്രസിഡന്റ് പി.എച്ച് മുഹമ്മദ് എന്നിവർ സന്നിഹിതരായിരുന്നു.

വെളിച്ചിക്കാല ആക്ഷൻ കൗൺസിൽ, ജില്ലാ പരിസ്ഥിതി സംരക്ഷണ ഏകോപന സമിതി, ആലപ്പാട് സുനാമി ദുരന്ത ഭൂമിയിൽനിന്നുള്ള പ്രതിനിധികൾ, കേരള മദ്യ നിരോധന സമിതി, അറയ്ക്കൽ-മലമേൽ ചന്ദനമര സംരക്ഷണ സമിതി, മരുതിമല സംരക്ഷണ സമിതി തുടങ്ങി നിരവധി പോരാട്ടസംഘടനകൾ സമ്മേളനത്തിന് അഭിവാദ്യമർപ്പിക്കാൻ എത്തിയിരുന്നു.